**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5402** **06.07.2012-ൽ മറുപടിക്ക്**

## തീരദേശ മേഖലയിൽ പടർന്നുപിടിച്ച പകർച്ച വ്യാധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ തീരദേശ മേഖലയിൽ ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയവ പടർന്നുപിടിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) തിരുവനന്തപുരത്തെ തീരദേശ മേഖലയിൽ ഡെങ്കിപ്പനിയുടെ വ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ തീരദേശ മേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടേയും സർക്കാർ ആശുപത്രികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും സർക്കാർ ആശുപത്രികളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. രോഗ ചികിത്സയ്ക്കായി മരുന്നുകളും അനുബന്ധ സാമഗ്രികളും ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പനി കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാനും മരുന്ന് ശേഖരിക്കുവാനും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ